Santhigiri

# ഉമ്മിണിതങ്കം

VOL 05 | ISSUE 01 | 2019 ജനുവരി 06 | 1194 ധനു 22

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org / തിരുവനന്തപുരം റൂറൽ


### ഗുരുവാണി

**"ഞാൻ ആരുടേയും മാതൃക സ്വീകരിച്ചിട്ടില്ല. ഞാൻ നിങ്ങൾക്കൊരു മാതൃക തരാൻ വേണ്ടിവന്ന ആളാണ്. എന്റേതു മാത്രമായ ഒരു മാതൃക. അതു നിങ്ങൾ സ്വീകരിക്കുമോ ഇല്ലയോ എന്നു മാത്രമാണ് ഞാൻ നിങ്ങളോട് ചോദിക്കുന്നത്. "**







*ജന്മഗൃഹ തീർത്ഥയാത്ര (ഇടത്), തീർത്ഥയാത്ര സമ്മേളനം എ.എം ആരിഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. സ്വാമി ചൈതന്യ ജ്ഞാനതപസ്വി സമീപം(വലത്)*

# ജന്മഗൃഹ തീർത്ഥാടന വാർഷികം ഭക്തിസാന്ദ്രമായി

**ചന്ദിരൂർ:** ജന്മഗൃഹ തീർത്ഥയാത്രയുടെ പത്തൊൻപതാമത് വാർഷികം ആയിരക്കണക്കിന് ആത്മബന്ധുക്കളുടെ സാന്നിധ്യത്തിൽ ഭക്തിസാന്ദ്രമായി ആഘോഷിച്ചു. ജനുവരി 1 ന് രാവിലെ എരമല്ലൂർ ജംഗ്ഷനിൽ നിന്നും ജന്മഗൃഹത്തിലേക്ക് നടന്ന തീർത്ഥയാത്രയ്ക്ക് സന്ന്യാസി സന്ന്യാസിനിമാർ നേതൃത്വം നൽകി. വാദ്യമേളങ്ങളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ നടന്ന തീർത്ഥയാത്രയുടെ ഭാഗമായി അരൂരിൽനിന്ന് ശാന്തിമഹിമയുടെ നേതൃത്വത്തിൽ തീർത്ഥാടന സന്ദേശവുമായി ബൈക്ക് റാലിയും സംഘടിപ്പിച്ചിരുന്നു. വാർഷികത്തോടനുബന്ധിച്ച് നടത്തിയ സാംസ്കാരിക സമ്മേളനം എ എം ആരിഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. വിവിധ വിശ്വാസങ്ങളിൽപ്പെട്ടവർ ഒത്തൊരുമയോടെ ലോക നന്മയ്ക്കായി പ്രവർത്തിക്കുന്ന കാഴ്ചയാണ് ശാന്തിഗിരിയിൽ കാണുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി അധ്യക്ഷത വഹിച്ചു. ജനനി വിജയ ജ്ഞാനതപസ്വിനി, ജനനി അഭേദ ജ്ഞാനതപസ്വിനി, സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി, സ്വാമി ശരണ്യപ്രകാശ ജ്ഞാനതപസ്വി, സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വി, ഫാദർ ജോൺസൺ കൂവേലി, ഇമാം ഹസൻ സഖാഫിതുടങ്ങിയവർ മഹനീയസാന്നിധ്യമായി.

സി.കെ പുഷ്പൻ, വി എൻ ബാബു, വി അമർനാഥ്, റഫീഖ് കാരുണ്യ, നൗഷാദ് കുന്നേൽ, മുരളി ശ്രീധർ, എ അബുബേക്കർ, രാജൻ സി എസ്, ബിജു സി, എം.പി പ്രമോദ്, വിജയൻ കെ വി, കെ ജി രവീന്ദ്രൻ, പി ജി രമണൻ,എം.എൻ നിഷ, വി വി അനോഷ് കുമാർ, എൽ മംഗളവല്ലി, എം കെ രഘുവരൻ എന്നിവർ സംസാരിച്ചു.



*ശ്രീകുമാർ മേനോനെ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ആദരിച്ചപ്പോൾ*

# ശാന്തിഗിരിയുടെ ഉൽപന്നങ്ങൾ ഗുരുവിന്റെ ആശയപ്രചരണോപാധികൾ : ശ്രീകുമാർ മേനോൻ

**സ്പിരിചൽസോൺ :** ശാന്തിഗിരിയുടെ ഉൽപന്നങ്ങൾ ഗുരുവിന്റെ ആശയപ്രചരണോപാധികളാണെന്ന് ഒടിയൻ സിനിമയുടെ സംവിധായകനായ വി.എ ശ്രീകുമാർ മേനോൻ അഭിപ്രായപ്പെട്ടു. സ്പിരിചൽ സോൺ കോൺഫറൻസ് ഹാളിൽ ജനുവരി 5ന് സന്ന്യാസിമാരും ആശ്രമത്തിലെ പ്രധാന കർമ്മചാരികളും ഉൾപ്പെട്ട സദസിനോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു ആത്മീയ ബന്ധം ഉണ്ടെങ്കിൽ മാത്രമെ ഗുരുസന്നിധിയിൽ എത്താൻ കഴിയൂ. ഏറെ നാളുകളായി ആശ്രമത്തിന്റെ ഉൽപന്നങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ഇവിടെ വരാൻ അവസരം ലഭിച്ചത് ഇപ്പോഴാണ്. അഭിവന്ദ്യ ശിഷ്യപൂജിതയെയും ദർശിക്കാൻ കഴിഞ്ഞു. ശാന്തിഗിരി ആയുർവേദ ആന്റ് സിദ്ധവൈദ്യശാല സന്ദർശിപ്പോൾ മരുന്നുകൾ നിർമ്മിക്കുന്നത് പരിപാവനമായ അന്തരീക്ഷത്തിലാണെന്ന് മനസിലാക്കാൻ കഴിഞ്ഞു. ഇവിടുത്തെ ഉൽപ്പന്നങ്ങളുടെ നിർമ്മാണരീതി ആശ്രമത്തിന്റെ ആശയത്തിലധിഷ്ഠിതമാണ്.

നാളെകളെക്കുറിച്ചാണ് ഇന്ന് ചിന്തിക്കേണ്ടത്. കാലാനുസൃതമായി തലമുറകൾക്കുവേണ്ടി നവീന പ്രചരണരീതി നൽകുന്നതിന് നമ്മൾ ബാധ്യസ്ഥരാണ്. ശാന്തിഗിരിയിൽ എത്രയും വേഗം ലോകനിലവാരത്തിലുള്ള ചികിത്സാകേന്ദ്രം ഉയർന്നുവരേണ്ടിയിരിക്കുന്നു. ഇന്നത്തെ പല പ്രധാന ആയുർവേദ ഉൽപ്പന്ന സ്ഥാപനങ്ങൾക്കും എത്രകാലം അവരുടെ പാരമ്പര്യം നിലനിർത്തിക്കൊണ്ടുപോകാൻ സാധിക്കുമെന്ന് പറയാനാകില്ല. ശാന്തിഗിരിയ്ക്ക് കാലാകാലം അത് സാധിക്കും. സിദ്ധവൈദ്യ ശാസ്ത്രത്തെ മുന്നോട്ടുകൊണ്ടുപോകാൻ ഒരു സ്ഥാപനം ഇത്രയധികം ശ്രമിക്കുന്നത് അഭിനന്ദനാർഹമാണ്.

ഇന്നത്തെ കലാപകലുഷിതമായ അന്തരീക്ഷത്തിൽ ശാന്തിഗിരിയുടെ പ്രസക്തി നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. എല്ലാവരുടെയും സഹകരണം ഉണ്ടെങ്കിൽ ശാന്തിഗിരി ഉൽപ്പന്നങ്ങളെ ലോകശ്രദ്ധ പിടിച്ചുപറ്റുന്നരീതിയിൽ എത്തിക്കാൻ സാധിക്കും.

'ഒടിയൻ' എന്ന സിനിമയുടെ പ്രചോദനത്തെക്കുറിച്ചും പ്രശസ്തമായ പരസ്യങ്ങൾ രൂപപ്പെട്ട വഴികളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ശ്രീകുമാർ മേനോനെ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പൊന്നാടയണിയിച്ച് ആദരിച്ചു.

# 'ശാന്തി' മൂല്യനൈപുണ്യ വികസന പദ്ധതി ഇന്നുമുതൽ

**റിസർച്ച് സോൺ:** ശാന്തിഗിരിയിലെ പുതുതലമുറയ്ക്ക് ആശ്രമപരിചയം ഉൾപ്പെടെയുള്ള സദ്ഗുണങ്ങൾ പകർന്നുനൽകുക എന്ന ഉദ്ദേശ്യത്തോടെ ശാന്തിഗിരി ഗൃഹസ്ഥാശ്രമ സംഘം സംഘടിപ്പിക്കുന്ന 'ശാന്തി'മൂല്യനൈപുണ്യ വികസന പദ്ധതിക്ക് ഇന്നു തുടക്കമാകും. സൈനാപ്സ് മെന്ററിംഗ് സൊല്യൂഷൻസ് എന്ന ട്രെയിനിംഗ് സ്ഥാപനവുമായി സഹകരിച്ചാണ് ഒരുവർഷം നീണ്ടുനിൽക്കുന്ന പദ്ധതി നടപ്പിലാക്കുന്നത്. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി പദ്ധതി ഉദ്ഘാടനം ചെയും. പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി അധ്യക്ഷനാകും. ജനനി സുപഥ ജ്ഞാനതപസ്വിനി മഹനീയ സാന്നിധ്യം വഹിക്കുന്ന ചടങ്ങിൽ സൈനാപ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബ്രഹ്മനായകം മഹാദേവൻ 'പഠന പദ്ധതി എന്ത്? എന്തിന്? എങ്ങനെ?' എന്ന വിഷയത്തിൽ സംസാരിക്കും. സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി സ്വാഗതവും പ്രമോദ് എം.പി കൃതജ്ഞതയും രേഖപ്പെടുത്തും.

ഒന്നു മുതൽ പത്താം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ട്രെയിനിംഗിൽ പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് 200 രൂപ. കോഴ്സ് ഫീസ് ഒരു മാസത്തേക്ക് 200 രൂപ. ഗുരുകാന്തിയിൽ സ്ഥിരം പഠിതാക്കൾക്ക് നിലവിലെ ഫീസ് നൽകിയാൽ മതി. വിശദവിവരങ്ങൾക്ക് ഗുരുകാന്തി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 9656017035.



# ഗുരുവാണി

ഇത് ഒരു ജാതിക്കോ മതത്തിനോ സമൂഹത്തിനോ മാത്രമുള്ളതല്ല. തിരുവള്ളുവരും നാറാണത്തു ഭ്രാന്തനും ചെയ്തപ്പോൾ പറ്റിയില്ലെങ്കിൽ നാമിന്നു ചെയ്താൽ പറ്റുകയില്ലേ? എന്റെ പരമ്പര നന്നാകുമെങ്കിൽ ഞാനതിനുവേണ്ടി മരിച്ചേക്കാം എന്നു ചിന്തിക്കണം. സ്ഥാപനത്തിൽ വരുന്നവരെയെല്ലാം ഏതു വിധേനയും കൊള്ളിക്കാൻ ശ്രമിക്കണം. ഒന്നിനും കൊള്ളാത്തവരാണെങ്കിൽ ഇവിടെ നിർത്തി ത്യാഗം ചെയ്യിച്ചാൽ നല്ലതു വന്നുചേരും. ഇത് ഈ പരമ്പരയുടെ കാലമാണ്. അതുകൊണ്ട് ഇഞ്ചിഞ്ചായി മുറിഞ്ഞാലും നിങ്ങൾ ദൈവത്തിൽ ഉറയ്ക്കണം. യേശുവിനെ കുരിശിൽ തറച്ച ത്യാഗവും ശിഷ്യർ അനുഭവിച്ച പീഡനങ്ങളും നിങ്ങൾക്ക് അനുഭവിക്കേണ്ടതില്ല. കാരണം എതിർക്കാനും ഗുരുവിനെ മഹിമപ്പെടുത്താനുമുള്ള സ്വാതന്ത്ര്യവും സാമൂഹ്യസ്ഥിതിയും ദൈവം നിങ്ങൾക്ക് തന്നിട്ടുണ്ട്. ശങ്കരാചാര്യർ തലകാണിച്ചു കൊടുത്തെങ്കിലും കാപാലികനെ എതിർത്ത പാരമ്പര്യം പാഠമായി നിങ്ങളുടെ മുന്നിലുണ്ട്.

പക്ഷേ നിങ്ങൾക്ക് പോരായ്മകളുണ്ട്. ആശ്രമത്തിൽ പോയി ഒരു ദിവസമെങ്കിലും താമസിക്കണം എന്നാഗ്രഹിച്ചു വന്നവരല്ല നിങ്ങളാരും. അതിനുള്ള വാസനയില്ല. നാടോടെയില്ല, അതിനുള്ള പരിചയം. വീട്ടിൽ ഒരാളെയെങ്കിലും അനുസരിച്ചു പഠിച്ചവരുമല്ല. ഈ മര്യാദയിലുള്ള ആശ്രമജീവിതം അപകടം വരുത്തും. കർമം പിശകിക്കഴിഞ്ഞാൽ അതനുഭവിക്കാൻ വേണ്ടി ഒരു ജന്മം തന്നെ എടുക്കേണ്ടിവരും. തന്റെ ജീവിതകാലം മുഴുവൻ ഇതിനുവേണ്ടി വേദിനിച്ചിട്ടും വേദന വർധിച്ചിട്ടേയുള്ളൂ എന്നിരുന്നാലും സഹനത്തിന് അതിരില്ല. അതിനുകഴിയാത്തവർ, എനിക്കിതാവില്ല എന്നു സ്വയം പറഞ്ഞു പിന്മാറണം. ഒരു വിശ്വാസത്തിൽ ഉറച്ചുപോകാൻ തീരുമാനമെടുത്താൽ ഗുരു പറയുന്നത് അനുസരിക്കണം. ജന്മാന്തരങ്ങളിലെ ഓരോ കെട്ടും അഴിച്ചെടുക്കുന്നതാണ് ആശ്രമജീവിതം. കണ്ടും കേട്ടും അലഞ്ഞും വരുമ്പോൾ ചിന്താശീലമുണ്ടാകും. കർത്തവ്യബോധത്തെ മാനിക്കണം. അങ്ങനെ ഗൃഹസ്ഥാശ്രമികൾക്ക് മാനിക്കാനും സ്നേഹിക്കാനും കഴിയണമെങ്കിൽ ഇവിടെ നിൽക്കുന്നവരിൽ നല്ലൊരു ചിട്ടയുണ്ടായിരിക്കണം. പ്രസ്ഥാനത്തിൽ നിന്ന് കഷ്ടപ്പാടനുഭവിച്ചറിഞ്ഞാൽ ആ വ്യക്തിത്വത്തിന് എന്തായി മാറാൻ കഴിയില്ല! ആശ്രമത്തിൽ വന്ന് എന്തെങ്കിലും സേവനം ചോദിച്ചുവാങ്ങി ചെയ്താൽ പോലും അതൊരു ഭാഗ്യമായി കരുതണം.

കാളയിൽനിന്ന് മനുഷ്യജന്മം കിട്ടിയാൽ കാളയുടെ സ്വഭാവം കലർന്നിരിക്കും, ആൾക്കരടിയിൽ നിന്നു മനുഷ്യജന്മം കിട്ടിയാൽ ചതിയും വഞ്ചനയും കൂടിയിരിക്കും. കുരങ്ങിൽനിന്നാണെങ്കിലോ ചാപല്യം കൂടിയിരിക്കും. ഏറ്റവും മൃദുത്വമുള്ളത് മാനും മുയലുമാണ്. സ്ത്രീകളുടെ അധികവും മുയലിന്റെ ഹൃദയം പോലെയാണ്. സൂക്ഷിച്ചുനോക്കിയാൽ എല്ലാ ജന്മങ്ങളെപ്പറ്റിയും കാണാൻ കഴിയും. മനുഷ്യജന്മത്തിന്റെ പൂർവവാസനയെ നശിപ്പിച്ചു കളയുകയും ഇപ്പോഴത്തെ വാസനയെ വളർത്തുകയും ചെയ്യുകയാണ് എന്റെ പരിശ്രമം. നിങ്ങൾക്കിന്നതു ചെയ്താൽപ്പോരെ എന്നേ ചോദിക്കുകയുള്ളൂ. കാരണം പൂർവജന്മത്തിന്റെ വാസനമൂലം അവന് നേരെ അനുസരിക്കാൻ കഴിയുകയില്ലെന്നും സംന്യാസിക്കറിയാം. ഏറ്റവും താഴ്ന്നവനെയും ഉയർന്നവനെയും മാത്രമേ അനുസരിപ്പിക്കുകയുള്ളൂ. താഴ്ന്നവനെ അടിച്ചു ചതയ്ക്കും, ഉയർന്നവനോട് നിർത്ത് എന്നുപറയും. എന്നിലുള്ള കർമഗതി എന്താണ്, ഞാൻ ആരാണ് എന്ന് ചിന്തിച്ചാലേ നിങ്ങൾക്കിതിനോട് യോജിച്ചുപോകാൻ കഴിയൂ. എല്ലാ വാസനകളുംകൂടി ഇഴുകിച്ചേർന്നിരിക്കുന്നതുകൊണ്ട് കർമശേഷി അഴിച്ചുപണിയാൻ പ്രയാസമാണ്. അനുസരിക്കുകയും വാക്കിനെ സൂക്ഷിക്കുകയും ചെയ്താൽ മാത്രമേ രക്ഷപ്പെടാനാവൂ.

ചില സ്ത്രീകൾ അസൂയവച്ചു ചിരിക്കും, അതാരും മനസ്സിലാക്കുകയില്ല. ഇവൾക്കുതന്നെ തിരിച്ചു പ്രവർത്തിക്കാനും കഴിയും. പെണ്ണുകള്ളം ചെയ്താൽ നമുക്കു തെളിയിക്കാനാവില്ല. നായർ സ്ത്രീയുടെ അറിവ് ബ്രാഹ്മണസ്ത്രീക്കില്ല. പെണ്ണിനെ ഒന്നിനും ഉൾപ്പെടുത്തരുതെന്നും പറയുന്ന ബ്രാഹ്മണൻ അവളെ വൈദികം പഠിപ്പിച്ചതെന്തിന്? സ്ത്രീകൾക്ക് ഈശ്വരഭജനയ്ക്കും വിദ്യാഭ്യാസത്തിനും സ്വാതന്ത്ര്യം കൊടുക്കുന്നത് വളരെ നല്ലതാണ്. ഹിന്ദുമതത്തിൽ നല്ലതുപോലെ ഈശ്വരഭജന ചെയ്തു മുന്നേറുന്ന സ്ത്രീകൾക്കു സ്വാതന്ത്ര്യം കൊടുക്കും. ഇതിൽ നിന്നെല്ലാം ഉയർന്ന് ഇപ്പോൾ ജ്ഞാനത്തിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ചുറ്റുപാടിനും യോഗ്യതയ്ക്കും സ്ഥാനം കൊടുക്കുക തന്നെ വേണം. അതു കാലത്തിന്റെ വിശേഷ വിധിയാണ്.

## വചനദീപ്തി

*ഒരച്ഛൻ മകനെ എന്നതുപോലെ ഗുരു തന്റെ ശിഷ്യനേയും*
*തന്നേക്കാൾ ഉത്കൃഷ്ടനായി കാണാനാഗ്രഹിക്കുന്നു.*
*അച്ഛൻ മകനേയും ഗുരു ശിഷ്യനേയും എപ്പോഴും*
*തന്നെക്കാൾ മഹത്തരനായിക്കാണുവാൻ അഭിലഷിക്കുന്നു.*

**-ശ്രീ വിരജാനന്ദ സ്വാമി-**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

11.01.2019 – ലക്ഷ്മിപുരം, കാഞ്ഞാമ്പാറ

12.01.2019 – ശാന്തിഗിരി ജംഗ്ഷൻ

## യാമപ്രാർത്ഥന

2019 ജനുവരി 10, വ്യാഴം 09.00 am – 12.00 pm

## പൗർണ്ണമി

2019 ജനുവരി 20 ഞായർ



# തീർത്ഥയാത്ര

ഒരു തീർത്ഥയാത്രയിൽ നമ്മളെല്ലാവരും ആത്മസാക്ഷാത്കാരത്തിൽ വളരുന്ന പാതയിൽ കർമവും ധർമവുമായിട്ട് സഞ്ചരിക്കുമ്പോൾ, ആ കർമ്മത്തിൽ വരുന്ന പിശകെന്താണെന്ന് മനസിലാക്കണം. ധർമത്തിൽ വരുന്ന ശരിയെന്താണെന്നും മനസിലാക്കണം. സനാതനധർമത്തിന്റെ തിരുത്തിൽ അതു രൂഢമൂലമായിരിക്കുന്ന ആദിസനാതനസത്യത്തിന്റെ വഴിത്തിരിവിൽ വരുന്ന ഓരോ രംഗങ്ങളെയും നമ്മൾ ആത്മസാക്ഷാത്കാരം കൊണ്ട് തിരിച്ചറിയണം. തിരിച്ചറിയേണ്ട ഭാഗം ഗുരുവും ശിഷ്യനുമായിട്ടുള്ള ബന്ധമാണ്. ആ ബന്ധത്തിൽ ത്രിമൂർത്തി സമ്പ്രദായത്തിന്റെയെന്നല്ല കോടാനുകോടി യോഗീശ്വരന്മാരുടേയോ ഋഷീശ്വരൻമാരുടേയോ മറ്റേതെങ്കിലും പൂജ ചെയ്തുപോയിട്ടുള്ള അപ്പോസ്തലവഴികളോ എന്നുവേണ്ട സർവവിധ ആരാധനാസമ്പ്രദായങ്ങളിലും അരൂപികളും സരൂപികളുമായിട്ടു നിൽക്കുന്ന ഈ വകകളെ നമ്മളെങ്ങനെ ഗുരുവിലേക്ക് അണയ്ക്കും, ഗുരു എങ്ങനെയാണ് നിൽക്കുന്നതെന്ന് ഒരു യാത്രയിലൂടെയെന്നല്ല ഏതെല്ലാം വഴികളിൽ നമുക്ക് മനസിലാകും.

ഒരു തീർത്ഥയാത്രയെന്നു പറയുമ്പോൾ അവധൂതവഴിക്കു പോകുന്ന സങ്കല്പങ്ങളാണ്. അത് നല്ലതിനെ എടുക്കാനുമാകാം, ചീത്തയ്ക്കുമാകാം. സ്ഥാനം കിട്ടേണ്ടത് കിട്ടേണ്ടിടത്തു നിന്ന് കിട്ടുന്നതുമാകാം. അങ്ങനെ പലവഴിക്കാണ്. ചില ദർശനങ്ങൾ ഉയരാനും, ചില ദർശനങ്ങൾ കിട്ടാനും, ചിലരെ അവസ്ഥകൾ മാറാനും അത് മറികടക്കാനുമൊക്കെ പോകാറുണ്ട്. ഇത് എന്തെന്നല്ല, ഗുരു സമ്പാദിച്ചുവച്ച വക നമ്മൾ അത് നേരായികൊണ്ടുപോയി നടത്തി അതിന്റേതായ യോഗ്യതയിൽ ദൈവത്തിന്റെ കാരുണ്യത്തിൽ ഗുരുസ്വരൂപം നിന്നു വിളങ്ങുന്ന രംഗത്താണ് നാം ഇത് ചെയ്തെടുക്കേണ്ടത്. കോട്ടയം ആശ്രമത്തിലും എറണാകുളത്തും ചന്ദിരൂരിലും എവിടെയാണെങ്കിലും ചെല്ലുമ്പോൾ ഗുരുവിനെ ബാഹ്യത്തിൽ കണ്ടിട്ടില്ലാത്തവർ ഈ ത്രിമൂർത്തി സമ്പ്രദായത്തിനപ്പുറത്തുള്ള ദർശനത്തെ കണ്ടിട്ട് കാര്യങ്ങൾ എന്നോടു വന്നുപറയുകയാണ്. ഇന്നലെയും ഒരമ്മ എന്നോടു വന്നു പറഞ്ഞു. അവരിങ്ങനെ കാണുന്ന കാര്യം. ആ അമ്മ മൂന്ന് ഓംകാരം കാണുകയാണ്. പിന്നെ ഈ ലോകം മൊത്തം താമരപ്പാടങ്ങളായിട്ടാണ് കാണുന്നത്. ഒന്നും അറിയാത്ത ഒട്ടും അറിവില്ലാത്ത മനുഷ്യർക്ക് ഈശ്വരകനിവിനാൽ അല്ലെങ്കിൽ ഗുരുവിന്റെ പ്രഭയിൽ ഇത് കിട്ടുന്നത് പ്രകൃതിയുടെ ആ സന്തോഷം തന്നെയാണ്. പ്രകൃതിയിൽ ലയനാത്മകമായിട്ടു നിൽക്കുന്ന ആത്മീയസത്യത്തെ ദ്വൈതവും അദ്വൈതവുമായി ഇണക്കിച്ചേർത്ത് നിർത്തിയിരിക്കുന്ന രംഗങ്ങളാണ്. ഈ സൃഷ്ടിയുടെ സകലരംഗങ്ങളും കടന്ന് ഈ ത്രിമൂർത്തിസമ്പ്രദായത്തിന്റെ എല്ലാ വശങ്ങളും തന്റെ ഗുരുവിലുണ്ട്.

ഇവിടെ നിൽക്കുന്നവർക്കും ഇനി വരാനുള്ളവർക്കും ഇരിക്കുന്നവർക്കും ഒരു പാഠമായിട്ട് പ്രകൃതിയിൽ നിന്നു തന്നെ ഗുരു അത് കാണിച്ചുതരികയാണ്. ഇങ്ങനെ അനവധിപേരെ നാം ഈ യാത്രയിൽ കണ്ടുമുട്ടുകയാണ്. അങ്ങനെയുള്ള ഈ അനുഭവസിദ്ധാന്തത്തിൽ അനുഭവം എന്താണെന്ന് നാം മനസിലാക്കിയിട്ട്, ഗുരുവിന്റെ അനുഭവമാണ് ദൈവമെന്നും വാക്കാണു സത്യം, സത്യമാണു ഗുരു, ഗുരുവാണു ദൈവം എന്നു നാം അനുഭവിച്ചറിയുകയാണ്.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** -അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ഗുരു യോഗക്ഷേമങ്ങൾ വഹിക്കുന്നു

യോഗക്ഷേമങ്ങൾ എന്നാൽ അലഭ്യലാഭവും ലബ്ധമായതിന്റെ പാലനവും എന്ന് അർത്ഥം കൽപ്പിക്കപ്പെട്ടിട്ടുണ്ട്. ശിഷ്യന്റെ യോഗക്ഷേമങ്ങൾ വഹിക്കുന്നത് ഗുരുവാണ്. പൂർണമായും അർപ്പിത തേജസായിരിക്കുന്ന ശിഷ്യനാണ് ഈ അവകാശം ലഭിക്കുന്നത്.

ധ്യാനരീത്യാ മോക്ഷമാർഗ്ഗം തേടുന്നതിനെ യോഗമെന്നു പറയുന്നു. ക്ഷേമം എന്നാൽ പ്രസിദ്ധമായ അർത്ഥം ഐശ്വര്യമെന്നാണ്. ലഭിക്കാൻ പ്രയാസമായ ധന്യതയെ ശിഷ്യന്റെ നിയുക്തകർമത്താലും ഗുരുവിന്റെ കാരുണ്യത്താലും ശിഷ്യനിൽ ചേർക്കുന്നതു യോഗം. അപ്രകാരം ലഭിച്ചതുൾപ്പെടെയുള്ള സർവ ഐശ്വര്യങ്ങളും ഭാഗ്യങ്ങളും ശിഷ്യനിൽനിന്നു ചോർന്നുപോകാതെ സൂക്ഷിക്കുകയും പുണ്യം വർധിപ്പിക്കുകയും ചെയ്യുന്നത് ഗുരുവിന്റെ ധർമ്മമാണ്. അതാണു ക്ഷേമപരിപാലനം. 'യോഗക്ഷേമം വഹാമ്യഹം' എന്ന ഭഗവത്ഗീതാവചനം ഗുരുശിഷ്യബന്ധത്തിന്റെ ധന്യത വെളിവാക്കുന്ന ഒരു പ്രഖ്യാപനമാണ്.

ഗുരുശിഷ്യബന്ധത്തിന്റെ അന്തസത്തയിൽ നിലനിൽക്കുന്ന ധർമ്മമാണ് മേൽ വിവരിച്ചത്. അർപ്പണ വിമുഖമായ ഉപരിപ്ലവമായ വിശ്വാസം പുലർത്തുന്ന ശിഷ്യനിൽ നിന്ന് യോഗക്ഷേമങ്ങൾ അകലം പാലിക്കുന്നു എന്നത് ചരിത്രം സാക്ഷ്യം വഹിക്കുന്ന വസ്തുതയാണ്. ഗുരുവോട് അടുക്കുന്തോറും, അടുപ്പത്തിനനുസരിച്ച് പുണ്യഭാഗ്യങ്ങൾക്കു വഴിതെളിയും എന്നതും സത്യമാണ്. ഗുരുവിങ്കൽ അർപ്പിത തേജസായ ശിഷ്യനെ സംബന്ധിച്ച് ചിലതുകൂടി മനസ്സിലാക്കാനുണ്ട്. ഗുരുവചനങ്ങൾ പ്രമാണവാക്യങ്ങളായി, പൂർണമായി അംഗീകരിക്കുകയും ഗുരുവിന്റെ വാക്കുകൾ നിസംശയം അനുസരിച്ച് ജീവിക്കുകയും ചെയ്യുക എന്നത് ഉത്തമശിഷ്യന്റെ ലക്ഷണമാകുന്നു. ഗുരുവചനങ്ങൾ സത്യവാക്കുകളാണെന്നത് ശിഷ്യന്റെ ജീവിതാനുഭവമാകുന്നു. കാലത്തിനും ദേശത്തിനും അതാതുസന്ദർഭങ്ങൾക്കും യോജിച്ച വാക്കുകളും പ്രവചനസ്വഭാവമുള്ള വാക്കുകളും ഗുരുവിങ്കൽനിന്നും ലഭിക്കും. എല്ലാം സത്യമായി വിശ്വസിക്കുക ശിഷ്യന്റെ ധർമ്മമാണ്. ശിഷ്യന്റെ പ്രാപ്തങ്ങളോളം ആപേക്ഷിക വെളിപാടുകളാവും ഗുരുവചനങ്ങളിൽ ഉണ്ടാവുക എന്നത് അനുഭവപാഠമാണ്. അതിനാൽ പല ശിഷ്യന്മാരുടെയും ഭിന്നമായ അനുഭവങ്ങളും അവർക്ക് ഓരോരുത്തർക്കും ഗുരു നൽകുന്ന വ്യക്തിപരമായ നിർദേശങ്ങളും ഐകരൂപ്യമുള്ളതാകണമെന്നില്ല. ഈ രംഗത്ത് വിശ്വാസം എന്ന വിഷയത്തിൽ പലരിലും സംശയങ്ങൾ ഉണ്ടായിക്കണ്ടിട്ടുണ്ട്. അത്തരം സംശയങ്ങൾ യുക്തിചിന്തയുടെയും സ്വകീയവാസനകളുടെയും പ്രതിഫലനമാണ് കാണിക്കുന്നത്. ആത്മീയാനുഭവങ്ങൾ ബുദ്ധിയുടെയും യുക്തിയുടെയും പരിമിതികൾക്ക് അതീതമാണ്. അനുഭവങ്ങളുടെ വിശദീകരണവും കർമ്മനിർദ്ദേശങ്ങളും അധികാരിയായ ഗുരുവിങ്കലാണ് നിയോഗമായിരിക്കുന്നത്. ആയിരക്കണക്കിന് ആളുകൾ ഉള്ള ഗുരുശിഷ്യപരമ്പരക്കുള്ളിൽ ആത്മീയവിഷയത്തിൽ വളരെ വിപുലമായ അനുഭവമണ്ഡലങ്ങളാവും ഉണ്ടായിരിക്കുക. പ്രതിശിഷ്യഭിന്നമായ അനുഭവങ്ങൾക്കുള്ളിൽ ഗുപ്തമായിരിക്കുന്ന നിദാനഭാവങ്ങൾ ഗുരുമാത്രം അറിയുന്നു. ഗുരുവിങ്കലൂടെ ശിഷ്യർക്ക് ഓരോരുത്തർക്കും അവരവർ അറിയേണ്ടത് അറിയാനാവുന്നു.

ദർശനം എന്ന അനുഭവം ഉള്ളതുകൊണ്ടുമാത്രം അതു സത്യത്തിന്റെ പൂർണമായ അറിവാണെന്നുകരുതി മദിച്ചുകൂടാ. ഗുരുവിന്റെ തിരുത്തിനു വിധേയമായിവേണം അതു മനസിലാക്കാൻ. അതു പൂർണമായും ഭക്തിയുടെയും വിശ്വാസത്തിന്റെയും വഴിയാണ്. അനുഭവത്തെളിമയുള്ള ശാന്തിഗിരി പ്രസ്ഥാനത്തിൽ ഇതു വളരെയേറെ പ്രസക്തവും പ്രധാനവുമാണ്.




*ശാന്തിമഹിമ ക്യാമ്പ് ഐഷാ പോറ്റി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു*

## ശാന്തിമഹിമ ക്യാമ്പ് സംഘടിപ്പിച്ചു

**കൊട്ടാരക്കര:** പൂജിതപീഠം സമർപ്പണം 2019 നോടനുബന്ധിച്ച് ശാന്തിഗിരി ശാന്തിമഹിമ തിരുവനന്തപുരം ജില്ലയിലെ വിവിധ ഏരിയകളുടെയും കൊട്ടാരക്കര ഏരിയയുടെയും സംയുക്താഭിമുഖ്യത്തിൽ ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചു. ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ബ്രാഞ്ചിൽ ഡിസംബർ 25, 26 തീയതികളിൽ നടന്ന ക്യാമ്പ് ഐഷാ പോറ്റി എം.എൽ.എ ഉദ്ഘാടനം ചെയ്തു. മാതൃകാപരമായ ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്താൻ ചെറുപ്പക്കാർ മുന്നോട്ടുവരണം. സമൂഹത്തെ നയിക്കേണ്ടത് അവരാണ്. അശാന്തി നിറഞ്ഞ ഈ സമൂഹത്തിൽ സമാധാനം ഉയർന്നുവരണമെങ്കിൽ ചെറുപ്പക്കാർ ഉണർന്നു പ്രവർത്തിക്കണമെന്നും എം.എൽ.എ പറഞ്ഞു. സ്വാമി ഭാസുര ജ്ഞാനതപസ്വി അധ്യക്ഷനായിരുന്നു. ജനനി തേജസ്വി ജ്ഞാനതപസ്വിനി, ശ്രീകുമാർ എസ്, ഡോ. ശ്രീകുമാരി എസ്, സന്തോഷ് കെ വി, നിധീഷ്‌ലാൽ പി.ആർ, ഗുരുപ്രിയൻ ജി, ഗുരുദത്ത് സി എന്നിവർ സംസാരിച്ചു.

ഉദ്ഘാടന ചടങ്ങിനുശേഷം ഒമാൻ മിഡിൽ ഈസ്റ്റ് കോളേജ് ഡീൻ ഡോ. ജി.ആർ കിരണിന്റെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് ക്ലാസ്സ് നടന്നു. സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, മനോജ് കുമാർ സി.റ്റി എന്നിവർ നയിച്ച സത്സംഗവും ഉണ്ടായിരുന്നു. വിവിധ മത്സരങ്ങളും ചർച്ചകളും ക്യാമ്പിന്റെ ഭാഗമായി നടന്നു. ക്യാമ്പിനെ തുടർന്ന് പ്രവർത്തകർ പാലരുവി വെള്ളച്ചാട്ടം സന്ദർശിച്ചു.



*ശലഭമേളയിൽ വിജയികളായ നയന മനോജ്, നന്ദന മനോജ്*

## ശലഭമേളയിൽ വിജയികളായി നന്ദനയും നയനയും

**തിരുവനന്തപുരം:** അട്ടക്കുളങ്ങര സ്കൂളിൽ വച്ചുനടന്ന ശലഭമേളയിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളായ നന്ദന മനോജ്, നയന മനോജ് എന്നിവർ തിളക്കമാർന്ന വിജയം നേടി. സംഘനൃത്തം, കേരളീയ സംഘനൃത്തം, ഒപ്പന എന്നീ ഇനങ്ങൾക്കാണ് രണ്ടുപേരും ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. നന്ദന ഏഴാം ക്ലാസിലെയും നയന അഞ്ചാം ക്ലാസ്സിലെയും വിദ്യാർത്ഥിനികളാണ്. കിളിയക്കോട് രാധാമാധവത്തിൽ ഇ കെ മനോജിന്റെയും വിനീത മനോജിന്റെയും മക്കളാണ്.



*എൻ.എൻ കമ്മ്യൂണിക്കേഷനിലെ അസിസ്റ്റന്റ് എഡിറ്റർ വാമനപുരം മണിയെ തിരുവനന്തപുരം നർമ്മകൈരളി ആദരിച്ചപ്പോൾ*

## 'പ്രകാശത്തിന്റെ കനൽവഴികൾ' സി.ഡി. പ്രകാശനം ചെയ്തു

**എജ്യൂക്കേഷൻ സോൺ:** പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ നല്ലപാഠം ക്ലബ്ബ് തയ്യാറാക്കിയ ഡോക്യുമെന്ററി 'പ്രകാശത്തിന്റെ കനൽവഴികൾ'സി.ഡി. പ്രകാശനം ഡിസംബർ 24ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവ്വഹിച്ചു. ഡോക്യുമെന്ററിയുടെ ഗാനരചന, ആഖ്യാനം എന്നിവ നല്ലപാഠം കൺവീനർ ബിന്ദു നന്ദനയും അവതരണം ശാന്തിഗിരി വിദ്യാഭവനിലെ നല്ലപാഠം അംഗങ്ങളുമാണ് നിർവഹിച്ചത്.



*പ്രകാശത്തിന്റെ കനൽ വഴികൾ സി.ഡി പ്രകാശനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കുന്നു*

## എച്ച്.ആർ. വാർത്തകൾ

**സ്പിരിച്വൽ സോൺ :**ശാന്തിഗിരി മാതൃമണ്ഡലം, ശാന്തിഗിരി ശാന്തിമഹിമ, ശാന്തിഗിരി ഗുരുമഹിമ, ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗം ഗവേണിംഗ് കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചു.

**ശാന്തിഗിരി മാതൃമണ്ഡലം –** ജനനി പ്രമീള ജ്ഞാനതപസ്വിനി, ജനനി രേണുരൂപ ജ്ഞാനതപസ്വിനി, ഡോ. ഉഷാകുമാരി ബി, ഡോ. വത്സ ജി പി, സുകുമാരി പി, ഡോ. ജയശ്രീ എൻ, ഡോ. ഹേമലത പി എ, രേഖ വി, ലക്ഷ്മി അമ്മാൾ കെ, ഡോ. സ്മിത ആർ ബി, ശശികല കെ, അഡ്വ.ചന്ദ്രലേഖ കെ കെ, രാജലക്ഷ്മി പി എസ്, നളിനം എസ്, ഓമന എസ്, ഗീതാഭായി ബി, ഡോ. ബിന്ദിയ അശോകൻ, ഡോ.സ്വപ്ന ശ്രീനിവാസൻ, ഉഷ ടിവി, ഇന്ദിര കെ, ഉഷ എൻ എ, സോമലത ഹരിദാസ്, ലേഖ ഇ കെ, ജിഷ പി ജെ.

**ശാന്തിഗിരി ശാന്തിമഹിമ –** മനോജ് കുമാർ സി പി, അരവിന്ദ് പി, മനു എൻ എം, രജിത് ജി, ഷൈജു കെ, അനോഷ് കുമാർ വി.വി, വിവേക് വി, ഷിനു എസ്, ഷെറിൻ രാജ് എ പി, സത്പ്രഭ എം.പി, നന്ദകുമാർ വി, ജയകൃഷ്ണൻ വി എസ്, അജിത്കുമാർ കെ എസ്, ഗുരുദാസ് ആർ, വൈഷ്ണവ് ദാസ് എൽ പി, ശ്രേയസ് എൻ എസ്, വൈശാഖ് എം വി, ലിജിൻ രാജ് ആർ, വിഷ്ണുരാജ് കെ ആർ, ശ്യാംദേവ് എൻ, ശാന്തിപ്രിയൻ പി ആർ, ശാന്തിലാൽ റ്റി, പ്രിയൻ കെ വി, തുഷാദ് പി, ജിതിൻ കെ, ഗുരുദത്ത് സി, നിർമ്മലൻ എം എസ്, മനു വി ജെ, വന്ദനൻ എസ്, സ്നേഹജൻ വി, ഗുരുപ്രിയൻ ജി.

**ശാന്തിഗിരി ഗുരുമഹിമ –** ജനനി നവപ്രിയ ജ്ഞാനതപസ്വിനി, ജനനി രേണുരൂപ ജ്ഞാനതപസ്വിനി, ജനപതി റ്റി.എസ്, ഡോ. ജനപ്രിയ എ, പ്രിയംവദ ആർ എസ്, ശരണ്യ എം, മംഗളവല്ലി എൽ, ഹൃദയകുമാരി പി, വന്ദന എസ്, വന്ദിത ലാൽ, വന്ദിത പി ബി, ശ്വേത എം, വത്സ വി.എം., അശ്വതി ഗോപി, ഗുരുനിശ്ചിത യു, ഗുരുപ്രിയ എസ് ബി, ശാന്തിപ്രിയ ജി, കരുണ എസ് എസ്, സുകൃത എ.

**ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗം –** ഡോ. പി എൻ മോഹനൻ, രാജീവ് അഞ്ചൽ, മധുപാൽ കെ, രമണൻ പി ജി, അനിൽ ചേർത്തല, വിജയകുമാരി പി, ശ്യാംകുമാർ എസ്, കുമാർ ജെ, ഹരിദാസ് ടി.കെ, പ്രസാദ് എം കാശിനാഥ്, ഗുരുചിത് കെ ആർ, ബിന്ദു സുനിൽകുമാർ, ബിജുകുമാർ സി ആർ, ഇന്ദു എസ്, രാജേഷ് കെ ആർ, ദീപ എസ് എസ്, ഷീബ വി, അനിൽകുമാർ വി, രാധാമണി കെ, വിന്റു എം ആർ, വിനേഷ് പി.

### 2019 അവധി ദിവസങ്ങൾ

ആശ്രമം ഹ്യൂമൻ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ് നൽകിയിട്ടുള്ള അവധി ദിവസങ്ങൾ ചുവടെ ചേർക്കുന്നു.
ജനുവരി 26 – റിപ്പബ്ളിക് ദിനം, ഫെബ്രുവരി 22 –പൂജിതപീഠം സമർപ്പണം വാർഷികം, ഏപ്രിൽ 15 – വിഷു, മേയ് 1 – ലോക തൊഴിലാളി ദിനം, മെയ് 6–നവഒലി ജ്യോതിർദിനം, ജൂൺ 5– റംസാൻ, ആഗസ്റ്റ് 15– സ്വാതന്ത്ര്യദിനം, സെപ്തംബർ 3–നവപൂജിതം, സെപ്തംബർ 11,12– തിരുവോണം, മൂന്നാം ഓണം, ഒക്ടോബർ 2 – ഗാന്ധി ജയന്തി, ഒക്ടോബർ 8 – സന്ന്യാസദീക്ഷാ വാർഷികം, ഡിസംബർ 25 – ക്രിസ്തുമസ്.



*ആനന്ദപുരത്ത് വിജയൻ.കെ – പുഷ്പ.ഡി ദമ്പതിമാർ നിർമ്മിക്കുന്ന വീടിന്റെ തറക്കല്ലിടൽ കർമ്മം 2018 ഡിസംബർ 23ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു*

## വിവാഹിതരായി



*കൊല്ലം മുണ്ടയ്ക്കൽ കച്ചിക്കടവ് ശാന്തിദീപത്തിൽ എം ഗോപാലകൃഷ്ണന്റെയും ശോഭാ ഗോപാലകൃഷ്ണന്റെയും മകൻ കിരൺ ജിയും, തിരുവനന്തപുരം വെഞ്ഞാറമൂട് മൈലക്കുഴി മോഹനത്തിൽ ഷാജിലാലിന്റെയും മിനി ഷാജിലാലിന്റെയും മകൾ ഡോ. എം.എസ് ആതിരയും 2018 ഡിസംബർ 31 ന് വിവാഹിതരായി.*



*ലഹരിവിരുദ്ധ പുരസ്കാരം ബിന്ദു നന്ദന ഏറ്റുവാങ്ങുന്നു*

# ലഹരി വിരുദ്ധ പുരസ്കാരം ശാന്തിഗിരി വിദ്യാഭവന്

**തിരുവനന്തപുരം:** സംസ്ഥാന മദ്യവർജ്ജന സമിതിയുടെ ഈ വർഷത്തെ ലഹരിവിരുദ്ധ പുരസ്കാരത്തിന് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ അർഹമായി. അധ്യാപക പുരസ്കാരമായ 'ദ്രോണാചാര്യ' വിദ്യാഭവനിലെ ബിന്ദു നന്ദനയ്ക്ക് ലഭിച്ചു. തിരുവനന്തപുരം ഗാന്ധിഭവൻ ഓഡിറ്റോറിയത്തിൽ ഡിസംബർ 30 ന് സംഘടിപ്പിച്ച സംസ്ഥാന സമ്മേളനത്തിൽ വച്ച് പുരസ്കാര വിതരണം നടന്നു. പരിപാടിയുടെ ഉദ്ഘാടനം മുൻ എം.പി പന്ന്യൻ രവീന്ദ്രൻ നിർവ്വഹിച്ചു. സംഗീത സംവിധായകനും ഗായകനുമായ ജാസി ഗിഫ്റ്റിൽനിന്നാണ് പുരസ്കാരങ്ങൾ ഏറ്റുവാങ്ങിയത്.

## 2019 ജനുവരി ലക്കം വിപണിയിൽ







ഗുരുചരണം ശരണം

പ്രദീപ്കുമാർ. ഡി
ഡോ. ഉഷാകുമാരി. ബി
ഗുരുകമലം,
ലക്ഷ്മിപുരം,
ശാന്തിഗിരി പി.ഒ., തിരുവനന്തപുരം-695589
ഫോൺ: 9895037997, 9496020801

പ്രിയ ആത്മബന്ധോ,

ഗുരുകാരുണ്യത്തിന്റെ നിറവിൽ ഞങ്ങളുടെ മകൾ **ഗായത്രി. പി** വിവാഹിതയാവുകയാണ്. അടൂർ പറക്കോട് അഞ്ജലിയിൽ ഡോ. കെ. സോമന്റെയും ശ്രീമതി ഗീത സോമന്റെയും മകൻ **നന്ദു സോമൻ** ആണ് വരൻ.

വിവാഹസുദിനം : **2019 ജനുവരി 9 (1194 ധനു 25) ബുധൻ**
മുഹൂർത്തം : **പകൽ 10.00 നു മേൽ 12.00 നകം**
വിവാഹവേദി : **ശാന്തിഗിരി ആശ്രമം, പോത്തൻകോട്, തിരുവനന്തപുരം.**

ധർമാനുസൃതം നടത്തുന്ന പ്രസ്തുത മംഗളകർമം താങ്കളുടെയും കുടുംബത്തിന്റെയും മഹനീയ സാന്നിദ്ധ്യവും പ്രാർത്ഥനയും കൊണ്ട് ധന്യമാക്കുവാൻ ഗുരുനാമത്തിൽ സാദരം ക്ഷണിച്ചുകൊള്ളുന്നു.

ഗുരുസ്മരണയോടെ,
സ്നേഹപൂർവ്വം,

പ്രദീപ്കുമാർ. ഡി
ഉഷാകുമാരി. ബി

ഉപചാരപൂർവ്വം : അരവിന്ദ്. പി

9th JANUARY 2019



*'സ്നേഹം' സ്വാശ്രയസംഘത്തിന്റെ കൃഷി വിളവെടുത്തപ്പോൾ*

# നൂറുമേനി വിളവുമായി സ്വാശ്രയസംഘം

**രത്നഗിരി:** തരിശുഭൂമിയെ കൃഷിഭൂമിയാക്കി മാറ്റി 'സ്നേഹം' സ്വാശ്രയസംഘം. കൃഷിയിറക്കി നൂറുമേനി വിളവു കൊയ്യുകയും ചെയ്തു. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി വിളവെടുപ്പ് ഉത്സവം ഉദ്ഘാടനം ചെയ്തു. എം.പി പ്രമോദ് പ്രസിഡന്റും അനിൽ കുമാർ വി സെക്രട്ടറിയും ആയ സംഘത്തിൽ കൃഷ്ണൻ നായർ സി, ശശി കെ, സുഭാഷ് എസ്.എസ്, സുനിൽകുമാർ ആർ, മോഹനൻ സി, ബിജു കെ.എൽ, മോഹൻദാസ് വി.എസ്, വേണു എം.ജി എന്നീ ഗൃഹസ്ഥാശ്രമസംഘം പ്രവർത്തകരാണുള്ളത്. രണ്ടരയേക്കർ തരിശുഭൂമിയെയാണ് ജൈവസമ്പുഷ്ടമാക്കിയത്. മാണിക്കൽ പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹകരണത്തിൽ ഇവിടെ പയർ, പാവയ്ക്ക, വാഴ, മരച്ചീനി തുടങ്ങിയ വിളകൾ കൃഷി ചെയ്തു. വൻ വിളവു ലഭിച്ചതിനാൽ ഇനി യന്ത്രവത്കരണത്തിലൂടെയും ജൈവസാങ്കേതിക വിദ്യയിലൂടെയും കൃഷി കൂടുതൽ വ്യാപിപ്പിക്കാനാണ് ശ്രമം. ആശ്രമം അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ കൃഷി രീതികളാണ് സംഘത്തിന്റെ പ്രചോദനം. വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി ചന്ദ്രൻ പച്ചക്കറിയുടെ ആദ്യ വില്പന നടത്തി. സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, സബീർ തിരുമല, മാണിക്കൽ പഞ്ചായത്ത് പ്രസിഡന്റ് എസ് സുജാത, വൈസ് പ്രസിഡന്റ് കെ ജയൻ, സദാശിവൻ നായർ, എം.എസ് രാജു, സഹീറത്ത് ബീവി, കലാകുമാരി എന്നിവർ സംസാരിച്ചു.

## വയോസൗഹൃദ ക്ലിനിക്

**പിരപ്പൻകോട്:** മാണിക്കൽ ഗ്രാമപഞ്ചായത്തിലെ വയോസൗഹൃദ പദ്ധതിയുടെ ഭാഗമായി വയോജനങ്ങൾക്ക് സൗജന്യ ഹോമിയോ ആയുർവേദ വൈദ്യപരിശോധനയും മരുന്നു വിതരണവും നടന്നുവരുന്നു. ജനുവരി 11 ന് കൊപ്പം പി എച്ച് സി സബ് സെന്റർ, ജനുവരി 19ന് പിരപ്പൻകോട് ഗവ.എൽ.പി.എസ്, ഫെബ്രുവരി 8ന് മൊട്ടക്കാവ് അംഗൻവാടി, ഫെബ്രുവരി 16ന് കോലിയക്കോട് ഗവ. യുപി.എസ് എന്നിവിടങ്ങളിൽ ക്യാമ്പുകൾ നടക്കും. വൈദ്യപരിശോധനയും മരുന്നുവിതരണവും വാർഡ് പരിഗണനയില്ലാതെ നടത്തുന്നതാണ്. പരിശോധനയ്ക്ക് എത്തുന്നവർ വാർഡുതല വയോജനസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരായിരിക്കണം. ഫോട്ടോ, തിരിച്ചറിയൽ കാർഡിന്റെ കോപ്പി ഇവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.



*ശാന്തിഗിരി കരുണ ബേബിക്രഷിൽ നടന്ന പുതുവത്സരാഘോഷം*

ഈ ലോകം.. ഇവിടെ ചില മനുഷ്യർ — വാമനപുരം മണി



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala